# KUDUMBASHREE DISTRICT MISSION, THRISSUR


**STATE POVERTY ERADICATION MISSION**

**(Local Self Govt. Dept, Govt. Of Kerala)**

**Civil Station, Thrissur-3**

E-mail: spemtsr1@gmail.com Phone: 0487-2362517


No. Date: 30.08.2024

സ്വീകർത്താവ്,

സിഡിഎസ് ചെയർപേഴ്സൺ

.................. സിഡിഎസ്

സർ,

വിഷയം : കുടുംബശ്രീ – തൃശൂർ – സിഡിഎസ് – ജില്ലാ ഹരിത കർമ്മസേന – കോ-ഓർഡിനേറ്റർമാരുടെ നിയമനം – സംബന്ധിച്ച് :-

സൂചന : കുടുംബശ്രീ – സംസ്ഥാനമിഷനിൽ നിന്നുള്ള 23.08.2024 തിയ്യതിയിലെ ഐ/121271/2024 നമ്പർ സർക്കുലർ

ഹരിതകർമ്മസേന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ വകുപ്പുകളുമായുള്ള സംയോജനം ഉറപ്പുവരുത്തുന്നതിനും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിറ്ററിംഗ്, ബ്രാൻഡിംഗ് എന്നിവ നടത്തുന്നതിനുമായി റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന വിജ്ഞാപനം സിഡിഎസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും കുടുംബശ്രീ സംഘടന സംവിധാനത്തിലേക്ക് അറിയിപ്പ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

OFFICE OF THE DISTRICT MISSION CO-ORDINATOR State Poverty Eradication Mission (Govt of Kerala) THRISSUR-3 KUDUMBASHREE PROJECT

വിശ്വസ്തതയോടെ,

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

കുടുംബശ്രീ, തൃശ്ശൂർ.

ഉള്ളടക്കം : വിജ്ഞാപനം, അപേക്ഷാഫോറം, സിലബസ്

അനുബന്ധം 1

# വിജ്ഞാപനം

കുടുംബശ്രീ തൃശൂർ ജില്ലാ മിഷനിലും എല്ലാ സിഡിഎസ്സിലുമായി ഹരിതകർമ്മ സേന പദ്ധതി നിർവ്വഹണത്തിനായി ഹരിതകർമ്മസേന കോ–ഓർഡിനേറ്റർമാരുടെ ഒഴിവി ലേയ്ക്കായി താഴെപ്പറയും പ്രകാരം അപേക്ഷ ക്ഷണിച്ചു കൊള്ളുന്നു. ആയതിന്റെ വിശ ദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോഡ് നം. | തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം | യോഗ്യതകൾ | വയസ്/ പ്രായപരിധി | പ്രതിമാസ ഹോണറേറിയം |
|---|---|---|---|---|---|
| HKS COD 2 | ഹരിത കർമ്മസേന കോ–ഓർഡിനേറ്റർ – ജില്ല | 1 | ബിരുദാനന്തര ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം, 2 വർഷത്തെ ഫീൽഡ് ലെവൽ പ്രവർത്തി പരിചയം | 25 മുതൽ 40 | 25,000/– രൂപ |
| HKS COD 3 | ഹരിത കർമ്മസേന കോ–ഓർഡിനേറ്റർ – സിഡിഎസ് | 86 (റൂറൽ സിഡിഎസ്) | ബിരുദം/ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനം (സ്ത്രീകൾ മാത്രം) | 25 മുതൽ 40 | 10,000/– രൂപ |

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

1. അപേക്ഷ ഫോം കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിൽ നിന്ന് നേരിട്ടോ www.kudumbashree.org എന്ന വെബ് സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്.
2. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 12 വൈകുന്നേരം 5 മണി വരെ. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
3. ഭാഗികമായി പൂരിപ്പിച്ച/അവ്യക്തമായ അപേക്ഷകൾ എന്നിവ നിരുപാധികം നിരസിക്കുന്നതാണ്.
4. പരീക്ഷാ ഫീസായി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, തൃശൂർ ജില്ലയുടെ പേരിൽ മാറാവുന്ന 200/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. പൂരിപ്പിച്ച അപേക്ഷയ്ക്കൊപ്പം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഫോട്ടോ അടങ്ങിയ പ്രൂഫ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, അയൽക്കൂട്ട അംഗം/കുടുംബാംഗം/ഓക്സിലറി ഗ്രൂപ്പംഗം ആണെന്നതിനും വെയ്റ്റേജ് മാർക്കിന് അർഹതപ്പെട്ട അപേക്ഷക ആണെന്നതിനും സിഡിഎസ്സിന്റെ സാക്ഷ്യപത്രവും ഡിമാന്റ് ഡ്രാഫ്റ്റും ഉള്ളടക്കം ചെയ്യേണ്ടതാണ്.
6. യാതൊരു കാരണവശാലും അസൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതില്ല.
7. അപേക്ഷ സമർപ്പിക്കുന്ന കവറിനു മുകളിൽ കുടുംബശ്രീ HKS COD 2 അല്ലെങ്കിൽ HKS COD 3 എന്ന് വ്യക്തമായി രേഖപ്പെടുത്തണം.
8. ഓരോ കോഡിലുള്ള തസ്തികകൾക്ക് പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷകൾ അയയ്ക്കേണ്ട മേൽവിലാസം**

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ,
കുടുംബശ്രീ
2-ാം നില, സിവിൽ സ്റ്റേഷൻ
അയ്യന്തോൾ, തൃശൂർ ജില്ല
പിൻകോഡ് 680003
ഫോൺ : 0487-2362517

OFFICE OF THE DISTRICT MISSION COORDINATOR
State Poverty Eradication Mission (Govt of Kerala) THIRISSUR-3
KUDUMBASHREE PROJECT

തീയതി : 30.08.2024

സ്ഥലം : അയ്യന്തോൾ

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

തൃശൂർ ജില്ല കുടുംബശ്രീ

## HKS കോ-ഓർഡിനേറ്റർ പരീക്ഷയിൽ ഉൾപ്പെടുന്ന വിഷയങ്ങൾ (സിലബസ്) സംബന്ധിച്ച വിശദാംശങ്ങൾ

1. കുടുംബശ്രീയെ സംബന്ധിച്ച് (തീം ഉൾപ്പെടെ) – 30%
(കുടുംബശ്രീയുടെ ആവിർഭാവം, ത്രിതല സംഘടനാ സംവിധാനം, വിവിധ വകുപ്പുകളുമായുള്ള സംയോജിത പ്രവർത്തനങ്ങൾ, കുടുംബശ്രീയിലൂടെ നടപ്പിലാക്കപ്പെടുന്ന വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ/ഉപപദ്ധതികൾ/പ്രവർത്തനങ്ങൾ, സംഘടനാ തെരഞ്ഞെടുപ്പ്, ഓർഗാനോഗ്രാം തുടങ്ങിയവ)

2. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം/ പദ്ധതികൾ – 20%
(തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ /പദ്ധതികൾ, കുടുംബശ്രീയുമായുള്ള സംയോജിത പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്)

3. ഹരിത കർമ്മ സേന & മാലിന്യ സംസ്കരണം – 20%
4. കറണ്ട് അഫയേഴ്സ് – 10%
5. ഇംഗ്ലീഷ് പരിജ്ഞാനം – 10%
6. Reasoning & Mental Ability – 10%

OFFICE OF THE DISRICT MISSION CO-ORDINATOR
State Poverty Eradication Mission (Govt. of Kerala) THRISSUR-3
KUDUMBASHREE PROJECT

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ, തൃശൂർ